LIBRARY ARCHIVES Kerala Legislative Assembly

ബിവറേജസ് കോർപ്പറേഷൻ വഴി വില്പന നടത്തുന്ന മദ്യത്തിന്റെ അളവ്

61 [344] ശ്രീ. ജോണി നെല്ലൂർ :

,, ഷിബു ബേബിജോൺ :

,, എ. എൻ. രാജൻ ബാബു :

,, കെ. കെ. ഷാജു :

,, ഉമേഷ് ചള്ളിയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിന്റെ എത്ര ശതമാനം ബിവറേജസ് കോർപ്പറേഷൻ വഴി വില്പന നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) മദ്യ ഉപഭോഗത്തിൽ കഴിഞ്ഞ മൂന്നുവർഷങ്ങളിലുണ്ടായ വർദ്ധനവ് വെളിപ്പെടുത്തുമോ;

(സി) ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ?

ഉത്തരം

(എ) 59 ശതമാനം.

(ബി) വിശദവിവരം അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർത്തിട്ടുണ്ട്.††

ബിവറേജസ് കോർപ്പറേഷൻ വഴി വിറ്റഴിച്ച വിദേശമദ്യം

62 [345] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷൻ വഴി 2001 മേയ് മുതൽ വിറ്റഴിച്ച വിദേശമദ്യം എത്രയാണെന്ന് വ്യക്തമാക്കാമോ; ഇതിന്റെ ഓരോ വർഷത്തെയും കണക്ക് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി ഇപ്പോൾ വിറ്റഴിക്കുന്ന മദ്യം ഏതൊക്കെയാണ്;

(സി) ബിവറേജസ് കോർപ്പറേഷൻ കടകൾ വഴിയും കൺസ്യൂമർഫെഡ് കടകൾ വഴിയും ബാർ ഹോട്ടലുകൾ വഴിയും വിറ്റഴിക്കുന്ന മദ്യത്തിന്റെ അളവ് എത്ര; ഓരോ വർഷത്തെയും കണക്ക് ലഭ്യമാക്കുമോ;

---

†അനുബന്ധം VI

††അനുബന്ധം VI A

(ഡി) പുതുവർഷത്തെ വരവേല്കാൻ 2003 ഡിസംബർ 31-ന് ബിവറേജസ് കടകൾ വഴി വിറ്റ മദ്യം എത്രയെന്നും, മറ്റു വഴികളിലൂടെ ഈ ദിവസം വിറ്റ മദ്യം എത്രയെന്നും വെളിപ്പെടുത്തുമോ;

(ഇ) മദ്യവില്പനയിലൂടെ ബിവറേജസ് കോർപ്പറേഷൻ സംസ്ഥാന സർക്കാരിലേക്ക് അടയ്ക്കുന്ന വിവിധയിനം നികുതി എത്ര സംഖ്യയാണ്; ഇതിന്റെ ഓരോ വർഷത്തെയും കണക്കുകൾ വിശദമാക്കുമോ;

(എഫ്) ബിവറേജസ് കോർപ്പറേഷൻ വഴിയല്ലാതെ സംസ്ഥാനത്ത് അനധികൃതമായി വിറ്റഴിക്കുന്ന മദ്യത്തിന്റെ അളവ് എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ജി) അനധികൃതമായ മദ്യവില്പനയിലൂടെ സംസ്ഥാന ഖജനാവിനുണ്ടാകുന്ന നഷ്ടം എത്രയാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ?

ഉത്തരം

(എ) 2001 മേയ് മുതൽ 2002 മാർച്ചു വരെ 83.15 ലക്ഷം കെയ്സ്, 2002-2003 വർഷം 97.08 ലക്ഷം കെയ്സ്, 2003 ഏപ്രിൽ മുതൽ 2003 ഡിസംബർ വരെ 80.06 ലക്ഷം കെയ്സ്.

(ബി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(സി) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(ഡി) വിവരം ശേഖരിച്ചു വരുന്നു.

(ഇ) അനുബന്ധം ആയി ചേർത്തിട്ടുണ്ട്.†

(എഫ് ആന്റ് ജി) സംസ്ഥാനത്ത് അനധികൃത മദ്യവില്പന നിയമവിധേയമല്ല. അതിനാൽ ചോദ്യം ഉദിക്കുന്നില്ല.

ഗ്രാമ പ്രദേശങ്ങളിൽ വ്യാജവാറ്റ് തടയുന്നതിന് നടപടി

63 [346] ശ്രീ. കെ. സി. വേണുഗോപാൽ :

,, ജി. പ്രതാപവർമ്മ തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ ഉൾഗ്രാമ പ്രദേശങ്ങളിൽ വ്യാജ വാറ്റ് നിർബാധം നടക്കുന്നു എന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പ്രസ്തുത പ്രദേശങ്ങളിലെ ജനജീവിതത്തെ പ്രതികൂലമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly